## ഓർമയുടെ തീരങ്ങളിൽ–3

ഒ.പി അബ്ദുസ്സലാം മൗലവി/ പുത്തൂർ ഇബ്രാഹീം കുട്ടി

# മദീനാ യൂനിവേഴ്സിറ്റിയിൽ

**ഏതാണ്ട് ഒരുമണിക്കൂർ നീണ്ടുനിന്ന മൗലാനാ മൗദൂദിയുമായുള്ള ഒത്തുചേരൽ ഏറെ ഹൃദ്യവും വിജ്ഞാനപ്രദവുമായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികളും അതിന്റെ പരിഹാരങ്ങളും ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭാവിയും യുവാക്കളുടെ സ്വഭാവ ശിക്ഷണങ്ങളും ഒക്കെ ചർച്ചയിൽ വിഷയമായി.**




*മൗറിത്താനിയയിൽ ചേർന്ന ആദ്യ ആഫ്രോ-ഇസ്‌ലാമിക് കോൺഫറൻസിൽ ഒ.പി അബ്ദുസ്സലാം മൗലവി*

**1967–ൽ** മദീനാ യൂനിവേഴ്സിറ്റിയുടെ കീഴിലുള്ള ഹയർ സെക്കന്ററി കോഴ്സിലാണ് അഡ്മിഷൻ ലഭിച്ചത്. മൂന്നുവർഷത്തെ കോഴ്സിനു ശേഷം നാലു വർഷത്തെ ഡിഗ്രി കോഴ്സും പൂർത്തിയാക്കി. 'ലിസൻസ് ഡിഗ്രി' എന്നാണ് ഈ കോഴ്സിന്റെ പേര്. ബി.എക്കു തുല്യമാണ്. 'ഫാക്കൽറ്റി ഓഫ് ദഅ്‌വാ' വിഭാഗത്തിലായിരുന്നു നാലു വർഷത്തെ പഠനം. നീണ്ടകാലത്തെ വിദ്യാർഥി ജീവിതമായതുകൊണ്ട് കുടുംബത്തെയും കൊണ്ടുപോകേണ്ടി വന്നു.

എം.കെ അബ്ദുർറഹ്മാൻ തറുവായി (ഇപ്പോൾ ഓമശ്ശേരി പ്രാദേശിക അമീർ), ടി.കെ ഇബ്റാഹീം സാഹിബ്(ടൊറണ്ടോ), ഡോ. വി.പി അഹമ്മദ് കുട്ടി സാഹിബ് (കാനഡ) എന്നിവർ സീനിയർ വിദ്യാർഥികളായി ഈ സ്ഥാപനത്തിലുണ്ടായിരുന്നു.

1973-ലാണ് മദീന ഇസ്‌ലാമിക് യൂനിവേഴ്‌സിറ്റിയിൽനിന്ന് പഠനം പൂർത്തിയാക്കിയത്.

## ശ്രേഷ്ഠ ഗുരുവര്യന്മാർ

ലോകപ്രശസ്തരായ ചില പണ്ഡിത ശ്രേഷ്ഠരുടെ ശിഷ്യത്വം സ്വീകരിക്കാനായത് ഒരു മഹാഭാഗ്യമായിരുന്നു. ശൈഖ് അബ്ദുൽ അസീസ് ഇബ്നു ബാസ്, അബുൽ ഹസൻ അലി നദ്‌വിയുടെ ഉസ്താദായിരുന്ന ഡോ. തഖ്‌യുദ്ദീൻ ഇലാഹി, ശൈഖ് ശൈബത്തുൽ ഹംദ്, ശൈഖ് അബ്ദുൽ ഖാദിർ അൽ ഗാമിദി, ശൈഖ് അബ്ബാദ്, ശൈഖ് അഹ്‌മദ് ശിൻകീത്തി, ശൈഖ് മുഹമ്മദ് അൽ മജ്ദൂബ്, ശൈഖ് അബൂബക്കർ അൽ ജസാഇരി, ഡോ. അഹ്‌മദ് ശർബസി തുടങ്ങിയവരൊക്കെ അവിടെ ഉസ്താദുമാരായിരുന്നു.

ചില പരീക്ഷണ ഘട്ടങ്ങളൊക്കെ ഉണ്ടായിരുന്നുവെങ്കിലും 1960 കാലഘട്ടങ്ങളിൽ ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് പൊതുവെ നല്ല അവസ്ഥയായിരുന്നു. രാഷ്ട്രീയ കാലാവസ്ഥ മാറിയപ്പോൾ സലഫി വിഭാഗത്തിനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കുമിടയിൽ അകൽച്ചയും തെറ്റിദ്ധാരണയും തലപൊക്കി. ഇബാദത്ത്, ദീൻ, ശരീഅത്ത്, ഭരണം, ജിഹാദ് എന്നീ വിഷയങ്ങളിൽ ഏതാണ്ട് ഒരേ വീക്ഷണമായിരുന്നു ഇരുവിഭാഗത്തിനും. മുൻഗണനാക്രമത്തിൽ മാത്രമേ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുള്ളൂ.

## മൗദൂദി സാഹിബിന്റെ കൂടെ

ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടു തുടങ്ങിയതു മുതൽ അതിന്റെ സ്ഥാപകനും പ്രഗത്ഭ ഇസ്‌ലാമിക പരിഷ്കർത്താവും പണ്ഡിതശ്രേഷ്ഠനുമായ മൗലാനാ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയെ ഒന്നു നേരിൽ കാണാനുള്ള മോഹം മനസ്സിൽ നിൽക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ പാണ്ഡിത്യവും വീക്ഷണവും മനസ്സിലാക്കാൻ സാധിച്ചത്.

യാദൃഛികമായാണ് ആ സംഭവം നടന്നത്. ഒരുദിവസം മസ്ജിദുന്നബവിയുടെ ബാബുൽ മജീദ് ഭാഗത്തിരുന്ന് എന്തോ വായിച്ചു കൊണ്ടിരിക്കുകയായിരുന്നു. മഗ്‌രിബിനോടടുത്ത സമയം. വെളുത്ത് ഇടതൂർന്ന് താടിയുള്ള കറുത്ത കേവും വെളുത്തകുർത്തയും ധരിച്ച തടിച്ചുരുണ്ട സുന്ദരനായ ഒരാൾ തൊട്ടുമുമ്പിലുള്ള സ്വഫ്ഫിൽ ഇരിക്കുന്നു. അടുത്തിരിക്കുന്ന സഹപാഠിയായ പാകിസ്താനിയോട് ഞാൻ ചോദിച്ചു: "ഭായീ, നോക്കൂ, ഇത് മൗലാനാ മൗദൂദിയാണെന്നു തോന്നുന്നു." കൂട്ടുകാരൻ പറഞ്ഞു: "അതെ, ഇത് മൗലാനാ മൗദൂദി തന്നെ. നമുക്കദ്ദേഹത്തെ പരിചയപ്പെടാം."

ഞങ്ങൾ ചെന്ന് സലാം പറഞ്ഞു അഭിവാദനം ചെയ്തു. അദ്ദേഹം സലാം മടക്കി.

ഇതിനകം യൂനിവേഴ്‌സിറ്റിയിലെ പ്രസ്ഥാന ബന്ധുക്കളായ മലയാളി വിദ്യാർഥികൾ അങ്ങയെ വിസ്തരിച്ചു കാണാൻ ആഗ്രഹിക്കുന്നുണ്ടെന്നറിയിച്ചു. അതറിഞ്ഞപ്പോൾ മൗലാനാ സന്തോഷപൂർവം ഞങ്ങൾക്ക് സമയമനുവദിച്ചു. പിറ്റേന്നു രാവിലെ പത്തുമണിക്ക് അദ്ദേഹം താമസിക്കുന്നിടത്തേക്കു ചെല്ലാനായിരുന്നു നിർദേശം.

അങ്ങനെ നിശ്ചിത സമയത്തു തന്നെ ഞങ്ങൾ മൗലാന താമസിക്കുന്ന ഹോട്ടലിലെത്തി. ജമാഅത്തിന്റെ മുൻനിരനേതാക്കളിലൊരാളായ മർഹൂം ഖലീൽ ഹാമിദി സാഹിബും അപ്പോൾ അവിടെ ഉണ്ടായിരുന്നു. എല്ലാവരെയും ആലിംഗനം ചെയ്തു സ്വീകരിച്ച മൗദൂദി സാഹിബ് വളരെ പ്രസന്നനും സുസ്മേരവദനനുമായിരുന്നു. സമുചിതമായി ഞങ്ങളെ സൽക്കരിച്ച ശേഷം കേരളത്തിലെ പ്രസ്ഥാനത്തിന്റെ പ്രഥമ അമീറായിരുന്ന മുഹമ്മദലി ഹാജി സാഹിബിനെ അനുസ്മരിക്കുകയും കെ.സി അബ്ദുല്ല മൗലവി തുടങ്ങിയവരുടെ സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഏതാണ്ട് ഒരുമണിക്കൂർ നീണ്ടുനിന്ന മൗലാനയുമായുള്ള ഒത്തുചേരൽ ഏറെ ഹൃദ്യവും വിജ്ഞാനപ്രദവുമായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ നേരിടുന്ന വെല്ലുവിളികളും അതിന്റെ പരിഹാരങ്ങളും ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ ഭാവിയും യുവാക്കളുടെ സ്വഭാവ ശിക്ഷണങ്ങളും ഒക്കെ ചർച്ചയിൽ വിഷയമായി.

പുറത്ത് സന്ദർശകരുടെ തിരക്ക് വർധിച്ചുവന്നതിനാൽ ഞങ്ങൾക്ക് തൽക്കാലം വിടവാങ്ങേണ്ടി വന്നു. യാത്ര ചോദിക്കുമ്പോൾ പലരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു. അന്ന് ഞങ്ങളുടെ സംഘത്തിൽ യൂനിവേഴ്‌സിറ്റി വിദ്യാർഥികളായ ടി.കെ ഇബ്‌റാഹീം സാഹിബ്, എ. ഹൈദറലി സാഹിബ്, വി.പി അഹമ്മദ് കുട്ടി സാഹിബ്, അബ്ദുർറഹ്‌മാൻ തറുവായി സാഹിബ്, പി. കുഞ്ഞുമുഹമ്മദ് സാഹിബ്, സഈദ് വളാഞ്ചേരി തുടങ്ങിയവരൊക്കെ ഉണ്ടായിരുന്നു. അതിനുശേഷം ഒരു കോൺഫറൻസിൽ സംബന്ധിക്കാനെത്തിയ മറ്റൊരവസരത്തിലും മൗദൂദി സാഹിബിനെ കാണാൻ സാധിച്ചിട്ടുണ്ട്. അത് യൂനിവേഴ്‌സിറ്റി പഠനം പൂർത്തിയാകുന്നതിന്റെ ഒരുവർഷം മുമ്പ് മക്കയിൽ വെച്ചായിരുന്നു.

ഇസ്‌ലാമിക നവോത്ഥാന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വേറെയും ചില നേതാക്കളുമായും പണ്ഡിതന്മാരുമായും പരിചയപ്പെടാനും അവസരം കൈവരികയുണ്ടായി. ശൈഖ് ഹസനുൽ ഹുദൈബി, മുഹമ്മദ് ഖുതുബ്(ഈജിപ്ത്), ശൈഖ് സഈദ് ഹവാ (സിറിയ), ഡോ. ഹസൻ തുറാബി (സുഡാൻ), ഡോ. അഹ്‌മദ് തൂത്തൻജി (ഇറാഖ്), ശൈഖ് മുഹമ്മദുൽ മനൂനി (മൊറോക്കോ), ശൈഖ് സിന്താനി (യമൻ), പ്രഫ. ദീപ് (സൈറലിയാൺ), പ്രഫ. ഖുർശിദ് അഹ്‌മദ് (പാകിസ്താൻ), ശൈഖ് സ്വാലിഹ് അൽ ഖസ്സാസ് (സുഊദി), അഹ്‌മദ് ദീദാത്ത് (സൗ. ആഫ്രിക്ക), ഡോ. മുഹമ്മദ് നാസിർ (ഇന്തോനേഷ്യ), ശൈഖ് ഹജ്ജുൽ അക്ബർ (ശ്രീലങ്ക), ശൈഖ് നാദിർനൂരി (കുവൈത്ത്), ഡോ. ഖറദാവി, അബുൽ ഹസൻ അലി നദ്‌വി എന്നിവരൊക്കെ അക്കൂട്ടത്തിൽപെടും. ഇവരിൽ പലരും അല്ലാഹുവിങ്കലേക്ക് തിരിച്ചുപോയി. അവരെയും അവശേഷിച്ചവരെയും നമ്മെയും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ!

## ആഫ്രിക്കയിലേക്ക്

മദീന യൂനിവേഴ്‌സിറ്റിയിലെ കോഴ്‌സ് കഴിഞ്ഞു. കോഴ്‌സ് പൂർത്തിയായ ഉടൻ നാടുവിടണമെന്ന വ്യവസ്ഥയുണ്ട് സുഊദി അറേബ്യയിൽ. എന്നാൽ ഇഖാമയുടെ കാലാവധിയിൽ കുറച്ചു സമയം അവശേഷിക്കുന്നുണ്ടായിരുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിൽ ദഅ്‌വത്ത് നടത്താൻ എനിക്ക് പ്രത്യേകം താൽപര്യമുണ്ടായിരുന്നു. ഞാൻ മക്ക കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മുസ്‌ലിം വേൾഡ് ലീഗിന്റെ (റാബിത്വ) ഓഫീസിൽചെന്ന് ആഫ്രിക്കയിലേക്കു പോകാൻ ആഗ്രഹമുണ്ടെന്നറിയിച്ചു. പ്രസിദ്ധ പണ്ഡിതനും വാഗ്മിയും മുൻ ഇറാഖ് മന്ത്രിയും റാബിത്വയുടെ സ്ഥാപകാംഗവുമായ ശൈഖ് മുഹമ്മദ് മഹ്‌മൂദ് അസ്സ്വാഫ് ഈ വിഷയത്തിൽ എനിക്ക് വേണ്ടി റെക്കമെന്റ് ചെയ്തു. അദ്ദേഹം ആഫ്രിക്കൻ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ സമയമായിരുന്നു.

ആഫ്രിക്കയിലെ സാമ്പിയയിലേക്ക് യാത്രാനുമതി നൽകാമെന്ന് അവർ അറി

യിച്ചു. ഇംഗ്ലീഷ് പരിജ്ഞാനവും പ്രാസ്ഥാനിക ബന്ധവും മൗദൂദി സാഹിബുമായുള്ള പരിചയവുമൊക്കെ അന്വേഷിച്ചു (മൗദൂദി സാഹിബിന്റെ ഉറ്റ സുഹൃത്തു കൂടിയായിരുന്നു അദ്ദേഹം). വിസയും മറ്റു രേഖകളും ശരിപ്പെടുത്തി. ഒരാഴ്ചക്കകം സാമ്പിയയിലേക്ക് പോകാൻ റാബിത്വ സെക്രട്ടറിയേറ്റിൽനിന്ന് നിർദേശമുണ്ടായി.

നേരിട്ട് ഫ്ളൈറ്റ് ഉണ്ടായിരുന്നില്ല. ഖാർത്തൂം(സുഡാൻ), അദീസ അബാബ(എത്യോപ്യ), നൈറോബി(കെനിയ) എന്നീ വഴികളിലൂടെയായിരുന്നു യാത്ര. സാമ്പിയൻ തലസ്ഥാനമായ ലുസാക്കയിൽ വിമാനമിറങ്ങി.

## ഇരുണ്ട വൻകര

1964 ഒക്ടോബർ 24-ന് ബ്രിട്ടീഷുകാരിൽനിന്ന് സ്വാതന്ത്ര്യം നേടിയ ഈ കൊച്ചു രാജ്യത്തിന്റെ പഴയ പേര് നോർത്തേൺ റൊഡേഷ്യ എന്നാണ്. മിക്ക ആഫ്രിക്കൻ രാജ്യങ്ങളെയും പോലെ സാമ്പിയയും പലതരം പ്രശ്നങ്ങളും അഭിമുഖീകരിക്കുന്ന മൂന്നാം ലോക രാജ്യമാണ്. അംഗോള, സിംബാബ്വെ, മലാവി, സയർ, താൻസാനിയ, മൊസാമ്പിക് എന്നീ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന കടൽ സൗകര്യമില്ലാത്ത ഒരു രാജ്യമാണ്. സാമ്പിയക്ക് ബ്രിട്ടീഷുകാർ സ്വാതന്ത്ര്യം നൽകിയപ്പോൾ അവർ എവിടെയും ചെയ്യാറുള്ളതുപോലെ ഇവിടെയും പ്രശ്നങ്ങൾ ബാക്കിവെച്ചു കൊണ്ടാണ് രാജ്യം വിട്ടത്.

ഒരു ഭാഗത്തുപോലും ജലാതിർത്തി നൽകാതെ അതിർരേഖ നിർണയിക്കപ്പെട്ടതിനാൽ കടൽ വഴിക്കുള്ള സ്വതന്ത്രമായ കയറ്റിറക്കുമതിയോ പ്രതിരോധമോ സാമ്പിയക്ക് സാധ്യമായിരുന്നില്ല. ഈ സവിശേഷത കാരണം സാന്റ്‌വിച്ച് സ്റ്റേറ്റ് എന്നാണ് സാമ്പിയ വിശേഷിപ്പിക്കപ്പെടുന്നത്.

സ്കൂൾ പഠന കാലത്ത് ഗുരുനാഥനായ കേളപ്പൻ മാസ്റ്റർ ഇരുണ്ട ആഫ്രിക്കയെകുറിച്ചും കാപ്പിരികൾ, വന്യമൃഗങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, തടാകങ്ങൾ, വെള്ളച്ചാട്ടങ്ങൾ, മലകൾ, മരുഭൂമികൾ എന്നിവയെക്കുറിച്ചും മറ്റും ഹൃദ്യമായി ക്ലാസെടുത്തിരുന്ന ചിത്രം മനസ്സിലുണ്ടായിരുന്നു.


## വിചിത്രമായ ജീവിത രീതികൾ

ആഫ്രിക്കയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വിചിത്രമായ ജീവിത രീതികളും കാണാം. അന്ധവിശ്വാസങ്ങൾക്ക് ആഴത്തിൽ വേരോട്ടമുണ്ട്. അൽപമൊരു വ്യത്യാസം വടക്കൻ മേഖലയിൽ മാത്രമേ ഉള്ളൂ. മധ്യ ആഫ്രിക്കയിലെയും കിഴക്കൻ ആഫ്രിക്കയിലെയും ചില മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങൾ സന്ദർശിക്കാനിടയായി. അവിടെ കണ്ട കാഴ്ചകൾ ഞെട്ടിപ്പിക്കുന്നതും ദുഃഖിപ്പിക്കുന്നതുമായിരുന്നു. ഇസ്ലാമിനോട് നാമമാത്ര ബന്ധം പുലർത്തുന്ന ഇവിടത്തെ മുസ്ലിംകളുടെ ജീവിതരീതി അത്ഭുതാവഹമാണ്. സിംബാബ്വെയിലെ ഫറംബ ഗോത്രം, മഡഗാസ്കറിലെ മോരിയൻ ഗോത്രം, കെനിയയിലെ റിന്റിലീ ഗോത്രം എന്നിവ അന്ധവിശ്വാസങ്ങളുടെ കാര്യത്തിൽ ഏറെ മുൻപന്തിയിലാണ്.


ഇവരിലെ ചില ഗോത്രങ്ങൾ റമദാൻ മാസം മുഴുവൻ നഖം മുറിക്കുകയോ മുടിയെടുക്കുകയോ ഇല്ല. അതുപോലെ തിങ്കളാഴ്ചകളിൽ ജനിക്കുന്ന മുഴുവൻ ആൺകുട്ടികൾക്കും അവർ മുഹമ്മദ് എന്ന് പേരിടും. ജുമുഅ ദിവസത്തെ 'കുമാത്ത്' എന്നാണ് അവർ വിളിക്കുക.

വേറെ ചില ഗോത്രങ്ങൾ ഗ്രാമത്തിൽ കഅ്ബയുടെ മാതൃക പണിതുവെച്ചിരിക്കുന്നു. വർഷത്തിൽ ഏഴുതവണ അവർ അതിനു ചുറ്റും ത്വവാഫ് ചെയ്യും. മറ്റു ചിലയിടങ്ങളിൽ പ്രഗത്ഭ സ്വഹാബിയും ആഫ്രിക്കൻ വംശജനുമായ ബിലാലിന്റെ 'ഖബറുകൾ' കെട്ടിപ്പൊക്കിയിരിക്കുകയാണ്.

ഒരുവശത്ത് അന്ധവിശ്വാസവും അനാചാരവും കൊടികുത്തിവാഴുമ്പോൾ മറുവശത്ത് അവരുടെ വിദ്യാഭ്യാസ നിലവാരം അത്യന്തം ദയനീയവുമാണ്. ഒരു കണക്കനുസരിച്ച് താൻസാനിയയിലെ മുസ്ലിം ജനസംഖ്യ എൺപത് ശതമാനമാണ്. അവരുടെ വിദ്യാഭ്യാസ നിലവാരം പത്ത് ശതമാനത്തിൽ താഴെയാണ്. താൻസാനിയയിലെ മുസ്ലിം യൂനിവേഴ്സിറ്റിയിൽ മുസ്ലിംകൾ മൂന്നു ശതമാനമാണെന്ന് ഈയിടെ ഒരു അറബി പത്രം റിപ്പോർട്ടു ചെയ്തിരുന്നു. ഇതേ അവസ്ഥ തന്നെയാണ് സാമ്പിയയിലെയും മലാവിയിലെയും മുസ്ലിം സമുദായത്തിന്റേത്.


അഹ്മദ് ദീദാത്ത്


ശൈഖ് നാദിർനൂരി


ശൈഖ് സിന്താനി

അതിശയിപ്പിക്കുന്ന അവരുടെ ആചാരരീതികളെയും അനുഭവങ്ങളെയും വിശദീകരിക്കുന്ന ഒരു പുസ്തകം ഞാൻ എഴുതിയിട്ടുണ്ട് - *ശ്മശാനത്തിലെ ദുഃഖപുത്രി* (ഐ.പി.എച്ച് 2004). അതിൽ വിശദമായി ഇക്കാര്യം പ്രതിപാദിച്ചിട്ടുള്ളതിനാൽ അതൊന്നും ഇവിടെ ആവർത്തിക്കുന്നില്ല.

## അനൈക്യം

മുസ്ലിംകളുടെ ഇന്നത്തെ മുഖ്യ ഐഡന്റിറ്റികളിലൊന്ന് അനൈക്യമാണെന്ന് തോന്നുന്നു. ആഫ്രിക്കൻ രാജ്യങ്ങളിലും ഈ അവസ്ഥ വളരെ പ്രകടമായിത്തന്നെയുണ്ട്. നിസ്സാര കാരണങ്ങൾക്ക് വരെ ആയുധമെടുക്കുന്ന സ്വഭാവക്കാരാണ് സാമ്പിയക്കാർ. സാമ്പിയയിലെ മുസ്ലിംകൾക്കിടയിൽ കടുത്ത ഭിന്നിപ്പും മത്സരവും വളരെക്കാലമായി നിലനിൽക്കുന്നു. മദ്ഹബീ പക്ഷപാതം, ഗോത്രപ്പക, പൂർവ വിരോധം, രാഷ്ട്രീയ വിദ്വേഷം, ത്വരീഖത്തീ ഭിന്നിപ്പ് എന്നിങ്ങനെ പ്രശ്നങ്ങൾ മാറി മാറി തലപൊക്കിക്കൊണ്ടിരിക്കും.

ഒരിക്കൽ ഇവർക്കിടയിൽ വലിയ ഒരു പ്രശ്നമുണ്ടായി. അത് മൂർഛിച്ച് പൊട്ടിത്തെറിയുടെ വക്കിലെത്തി. റാബിത്വയുടെ ജനറൽ സെക്രട്ടറിയായിരുന്ന ശൈഖ് മുഹമ്മദി അലി അൽഹർകാന് പ്രശ്നത്തിന്റെ ഗൗരവം കാണിച്ചുകൊണ്ട് ഞാനൊരു കത്തെഴുതി. ഹർകാന്റെ നിർദേശം പെട്ടെന്ന് വന്നു; മുസ്ലിം ഗോത്രത്തലവന്മാരെയും പൗര പ്രമുഖരെയും നേരിൽകണ്ട് ഐക്യത്തിന്റെ അന്തരീക്ഷം എത്രയും വേഗം സൃഷ്ടിച്ചെടുക്കാൻ വേണ്ടതു ചെയ്യുക.

അങ്ങനെ എല്ലാ മുസ്ലിം നേതാക്കളുമായും ബന്ധപ്പെട്ടു. ഒരു മാസത്തെ നിരന്തര ശ്രമങ്ങൾക്കുശേഷം സാമ്പിയയിലെ ഏതാണ്ടെല്ലാ മുസ്ലിം സംഘടനാ നേതാക്കളും ലുസാക്കയിലെ നാകതിന്തി ഹാളിൽ ഒത്തുചേർന്നു. സുദീർഘ


ശൈഖ് ഹസനുൽ ഹുദൈബി


മഹ്മൂദ് സവാഫ്

മായ ചർച്ചകൾക്കും ആലോചനകൾക്കും ശേഷം സാമ്പിയൻ മുസ്‌ലിംകളെ ഒന്നിപ്പിക്കുന്ന 'സാമ്പിയൻ ഇസ്‌ലാമിക് ഓർഗനൈസേഷൻ' എന്ന ഒരു പൊതുവേദി രൂപീകരിച്ചു.

എന്തു തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ടായാലും ഈ ഓർഗനൈസേഷന്റെ സുപ്രീം കൗൺസിലിന്റെ തീരുമാനത്തിനു വിടണമെന്നും, കഴിഞ്ഞ സംഭവങ്ങളുടെ പേരിൽ ഇനിയാതൊരുവിധ പ്രശ്നവും ഉണ്ടാകരുതെന്നും സംഘടനാ നേതാക്കളോട് വേദി ഉണർത്തി. സുപ്രീം കൗൺസിലിന്റെ ചെയർമാനായി റാബിത്വയുടെ സാമ്പിയൻ പ്രതിനിധി എന്ന നിലക്ക് എന്നെ ആയിരുന്നു തെരഞ്ഞെടുത്തത്.

സാമ്പിയയിലുടനീളമുള്ള പത്തൊമ്പത് മുസ്‌ലിം സംഘടനകളായിരുന്നു ഈ പൊതുവേദിയിലെ അംഗങ്ങൾ.

റാബിത്വയുടെ നേതൃത്വത്തിൽ മുസ്‌ലിം രാഷ്ട്രങ്ങളുടെ പൊതുവേദികൾ വേറെയുമുണ്ട്. അറുപത്തിനാല് ആഫ്രിക്കൻ രാജ്യങ്ങളുടെ പൊതുവേദിയായ 'ഫസ്റ്റ് ആഫ്രോ ഇസ്‌ലാമിക് കോൺഫറൻസി'ൽ ഞാൻ മെമ്പറായിരുന്നു. ഇതിന്റെ പ്രഥമ സമ്മേളനം മൗറിത്താനിയൻ തലസ്ഥാനമായ നവാക്ക് ഷോട്ടിൽ ആയിരുന്നു കൂടിയിരുന്നത്.

മക്കയിൽ ചേർന്ന വേൾഡ് മോസ്ക് കോൺഫറൻസിലും സാമ്പിയൻ പ്രതിനിധിയായി പങ്കെടുത്തിട്ടുണ്ട്. ആഫ്രിക്കയിലും ഏഷ്യയിലുമായി ഇരുപത്തിരണ്ടോളം രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തു. ■

(തുടരും)